ഭക്ഷ്യവകുപ്പ്.

299. MR. K. K. CHELLAPPAN PILLAI: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

ഭക്ഷ്യവകുപ്പ് ലാൻഡ് റവന്യൂ വകുപ്പിൽ ലയിപ്പിക്കുന്നതിനു വല്ല നടപടിയും നടത്തിയിട്ടുണ്ടോ?

HON'BLE MR. K. M. KORAH: ഭക്ഷ്യവകുപ്പു ലാൻറ്റവന്യൂ വകുപ്പിൽ ലയിപ്പിക്കുന്നതിനു ഉദ്ദേശിക്കുന്നില്ല.

പൊഴിച്ചാലുകളിൽ അടിയുന്ന ചെളി.

300. MR. P. K. RAMAN *(Shertalai II—General)*: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ലാൻറ് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ?

(എ) ചേർത്തല താലൂക്കിൽ അന്ധകാരയഴി സംബന്ധിച്ചു കിടക്കുന്ന പൊഴിച്ചാലുകളിൽ നെൽക്കൃഷിക്കും, തെങ്ങുകൃഷിക്കും വളത്തിനു വളരെ ഉപകരിക്കുന്ന ചെളി കടവിൽനിന്നും അടിഞ്ഞുകയറുന്നതായി അറിയാമോ?

(ബി) ഈ പ്രദേശത്തു ഇപ്പോഴുള്ള വെള്ളച്ചാലുകളോടുകൂടി കുറേകൂടി വെള്ളംകെട്ടായ സ്ഥലമെടുത്തു ചേർത്തു പ്രസ്തുത ആവശ്യത്തിനു നല്ല വിസ്തീർണ്ണമുള്ള ഒരു പ്രദേശം തരിശായി സൂക്ഷിക്കുവാൻ ആവശ്യമായ നടപടികൾ ഉടനെ സ്വീകരിക്കുമോ?

HON'BLE MR. C. KESAVAN: പൊഴികളിൽ ധാരാളം എക്കൽ അടിഞ്ഞു വെള്ളം പുറത്തേക്കു പോകുന്നതിനു തടസ്സം കണ്ടതുകൊണ്ടു അതു എടുത്തുമാറ്റുന്നതിനു ഒരു കോൺട്രാക്ട്കൊടുത്തു. എക്കൽ വളമായി ഉപയോഗിക്കുന്നതിനു ആവശ്യക്കാർ ഉള്ളതുകൊണ്ടു കോൺട്രാക്ട് കൊടുക്കാമെന്നു തീരുമാനിക്കുകയും അപ്രകാരം വ്യവസ്ഥചെയ്യുകയുമാണ് ഉണ്ടായതു്. അതനുസരിച്ചു് കോൺട്രാക്ടർമാർ എക്കൽ മാറ്റുവാൻ തുടങ്ങിയെങ്കിലും അവർ അതു വേണ്ടിടത്തോളം മാറ്റാതിരുന്നതുകൊണ്ടു വെള്ളംപോകുന്നതിനു വഴിക്കു തടസ്സമുണ്ടായി. ആ തടസ്സംകണ്ടു് അവിടെയുള്ള കൃഷിക്കാർ ഫർജികൾ അയച്ചതിന്മേൽ ഫലമായി ലാൻറ് റവന്യൂ, പി. ഡബ്ളിയു. ഡി. എന്നീ ഡിപ്പാർട്ടുമെൻറുകളിലുള്ള ഉദ്യോഗസ്ഥന്മാർ സ്ഥലത്തുചെന്നു് പരിശോധിക്കുകയും അവിടെയുള്ള എക്കൽ എത്രയും വേഗത്തിൽ എടുത്തുമാറ്റേണ്ടതു വളരെ ആവ

LIBRARY ARCHIVES Kerala Legislative Assembly

ശ്യമാണെന്നകാര്യം അവക്കു ബോദ്ധ്യപ്പെട്ടുകയും ചെയ്തു. അതിനാൽ ചീഫ് എൻജിനീയരും ലാൻറുറവന്യൂ കമ്മീഷണരുംകൂടി മേലാൽ അവിടെ അടിയുന്ന എക്കൽ എടുത്തു മാറുവാൻ എല്ലാവരെയും അനുവദിക്കുകയാണു ചെയ്തത്.

MR. P. K. RAMAN: അവിടെ എക്കൽ കൂടുതൽ ഉണ്ടാകുന്നതു കൃഷിക്കാർക്കു നല്ലതാണെന്നറിയാമോ?

HON'BLE MR. C. KESAVAN: അറിയാം.

MR. P. K. RAMAN: അതുകൊണ്ടു കൂടുതൽ എക്കൽ അടിയുന്നതിനു കൂടുതൽ വിസ്തീർണ്ണമുള്ളസ്ഥലം ആവശ്യമാണെന്നും, അതുകൊണ്ടു എക്കൽ അടിയുന്നതിനു ഉപയുക്തമായ സ്ഥലത്തിന്റെ വിസ്തീർണ്ണം വർദ്ധിപ്പിക്കേണ്ടതാണെന്നും ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

HON'BLE MR. C. KESAVAN: ഈ കാൺട്രാക്ടിന്റെ പിരിയഡു കഴിഞ്ഞാൽ, എക്കൽ എത്രയും വേഗത്തിൽ അവിടെ നിന്നും മാറേണ്ടിയിരിക്കുന്നതുകൊണ്ടു്, ആ കാര്യത്തെപ്പറ്റി ആലോചിക്കുന്നതാണു്.

MR. P. K. RAMAN: ഇപ്പോൾ ഒരു ലിംഗ്സു വിസ്തീർണ്ണത്തിൽ ഒരു തോടുവെട്ടുവാനാണു് ഗവണ്മെൻറു തീരുമാനിച്ചിരിക്കുന്നതു്. കൂടുതൽ സ്ഥലവിസ്തീർണ്ണതയോടുകൂടി ഈ തോടു വെട്ടേണ്ടതിന്റെ ആവശ്യമുണ്ടെന്നു ഗവണ്മെൻറു വിചാരിക്കുന്നുണ്ടോ?

HON'BLE MR. C. KESAVAN: ഇപ്പോൾ ഉള്ള സ്ഥലത്തു് എത്ര മാത്രം എക്കൽ ഉണ്ടാകുമെന്നു ഗവണ്മെൻറിനു നിശ്ചയമില്ല. ഉള്ള എക്കൽ എടുത്തുകഴിഞ്ഞാൽ അവിടെ കൂടുതൽ എക്കൽ വന്നടിയുമെന്നാണു വിശ്വാസം.

ബമ്മായിലേക്കു ഒരു നിവേദകസംഘം.

301. MR. E. BHASKARAN (*Karunagapally I—Araya*): താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വ്യവസായമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഈ രാജ്യത്തെ ചെമ്മീൻ വ്യവസായത്തിന്റെ ഒരു പ്രധാനവിഭാഗമായ ബമ്മയിലേക്കു, ആ വ്യവസായത്തിന്റെ ഇപ്പോഴത്തെ ദുരിതാവസ്ഥയെ നീക്കം ചെയ്യുന്നതിനു് വല്ല മാർഗ്ഗവുമുണ്ടോ എന്നന്വേഷണം നടത്തി വസ്തുതകൾ ശേഖരിക്കുന്നതിനു് ഒരു നിവേദകസംഘത്തെ അയയ്ക്കുണ്ടെന്നു വ്യവഹാരനമ്പർ ചെമ്മീൻവ്യവസായസഹകരണസംഘം അപേക്ഷിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി എടുത്തു?

LIBRARY ARCHIVES Kerala Legislative Assembly